©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2023 ജൂലൈ 24<br>24th July 2023<br>1198 കർക്കടകം 8<br>8th Karkadakam 1198<br>1945 ശ്രാവണം 2<br>2nd Sravana 1945 | നമ്പർ<br>No. | 2442 |

**കേരള സർക്കാർ**

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

വിജ്ഞാപനം

സ.ഉ.(അച്ചടി) നം. 38/2023/ത.സ്വ.ഭ.വ          തീയതി, തിരുവനന്തപുരം, 2023 ജൂൺ 26

**എസ്. ആർ. ഒ. നമ്പർ 806/2023**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994-ലെ 13) 275-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 1994 മെയ് 16-ാം തീയതിയിലെ സ. ഉ (കൈ) നം. 106/94/ എൽ.എ.ഡി ആയി പുറപ്പെടുവിച്ചതും 1994 മെയ് 17-ാം തീയതിയിലെ 460-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ. 650/94 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, കേരള സർക്കാർ, പ്രസ്തുത ആക്റ്റിലെ 6,7,8,9 വകുപ്പുകൾ പ്രകാരം ഗ്രാമ പഞ്ചായത്തുകളിലെയും ബ്ലോക്ക് പഞ്ചായത്തുകളിലെയും ജില്ലാ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പഞ്ചായത്തുകളിലെയും നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ സ്ഥാനങ്ങളുടെ എണ്ണം നിശ്ചയിക്കുന്നതിനും സ്ത്രീകൾക്കും പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും പട്ടികജാതികളിലും പട്ടികവർഗ്ഗങ്ങളിലും ഉൾപ്പെടുന്ന സ്ത്രീകൾക്കും സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം നിശ്ചയിക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ) ഡയറക്ടറെ അധികാരപ്പെടുത്തിക്കൊണ്ട് ഇതിനാൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

**ഡോ.ഷർമിള മേരി ജോസഫ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

## വിശദീകരണക്കുറിപ്പ്

( ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) പ്രകാരമുള്ള വിവിധ ചുമതലകൾ നിർവ്വഹിക്കുന്നതിന് പഞ്ചായത്ത് വകുപ്പിലെ വിവിധ ഉദ്യോഗസ്ഥരെ സർക്കാർ അധികാരപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2022-ലെ ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ പുതിയതായി തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതും ചില തസ്തികകൾ പുനർനാമകരണം ചെയ്തിട്ടുള്ളതും പ്രസ്തുത സാഹചര്യത്തിൽ സ്പെഷ്യൽ റൂൾസിനനുസൃതമായി വിവിധ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള ഉദ്യോഗസ്ഥരെ പുതുക്കി നിശ്ചയിക്കേണ്ടതുമാണ്. പ്രസ്തുത ആക്റ്റിന്റെ 6,7,8,9 വകുപ്പുകൾ പ്രകാരം ഗ്രാമ പഞ്ചായത്തുകളിലെയും ബ്ലോക്ക് പഞ്ചായത്തുകളിലെയും ജില്ലാ പഞ്ചായത്തുകളിലെയും നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ സ്ഥാനങ്ങളുടെ എണ്ണം നിശ്ചയിക്കുന്നതിനും സ്ത്രീകൾക്കും പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും പട്ടികജാതികളിലും പട്ടികവർഗ്ഗങ്ങളിലും ഉൾപ്പെടുന്ന സ്ത്രീകൾക്കും സംവരണം ചെയ്യേണ്ട സ്ഥാനങ്ങളുടെ എണ്ണം നിശ്ചയിക്കുന്നതിനുമുള്ള ഉദ്യോഗസ്ഥനായി തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ) ഡയറക്ടറെ അധികാരപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.07.24 03:01:55 +05:30